**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2686** **28-02-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പ്രസ്തുത മണ്ഡലത്തിൽ നിന്നും 2016-17 വർഷത്തെ അംബേദ്കർഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുട്ടാല കവറപ്പര കോളനി, പറക്കുന്നം കോളനി, ചാമപ്പറമ്പ് കോളനി, പനമ്പഴക്കാട് കോളനി, നെട്ടുങ്ങരൻക്കാട് കോളനി, 2018-19 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊരക്കാലി കോളനി, 2019-20 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മലക്കാട്ടുകുന്ന് കോളനി, കാക്കാമൂച്ചിക്കാട് കോളനി എന്നീ കോളനികളിലെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2021-22 വർഷത്തെ പാറക്കുളം കോളനി, പഴയകുളം കോളനി എന്നിവയുടെ നവീകരണത്തിനായി നിർവ്വഹണ ഏജൻസിയായ Forest Industries (Travancore) Limited എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പാറക്കുളം കോളനിയിലെ എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. പഴയകുളം കോളനിയിലെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പദ്ധതി പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ